**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5561** **24-03-2025 - ൽ മറുപടിയ്ക്ക്**

**താലൂക്ക് ആശുപത്രികളിലെ കാർഡിയോളജി സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് താലൂക്ക് ആശുപത്രികളിൽ കാർഡിയോളജി സംവിധാനം അനുവദിക്കാൻ കഴിയുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (എ) | നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായ ആർദ്രം മിഷൻ മാനദണ്ഡപ്രകാരം ഓരോ ജില്ലയിലും ഒരു ജില്ലാതല ആശുപത്രിയും ഓരോ താലൂക്കിലും ഒരു താലൂക്ക്തല ആശുപത്രിയും ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രവും വേണമെന്ന് നിഷ്കർഷിക്കുകയും ഇതിനായി ഓരോ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ Standardization Guidelines സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം താലൂക്ക് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നിഷ്കർഷിച്ചിട്ടില്ല.<br><br>ആയതിനാൽ ആരോഗ്യ വകുപ്പിന് കീഴിൽ താലൂക്ക് ആസ്ഥാന/താലൂക്ക് ആശുപത്രികളിൽ കാർഡിയോളജിസ്റ്റിനെ നിയമിച്ച് കാർഡിയോളജി വിഭാഗം ആരംഭിക്കുക എന്നത് നിലവിലെ സാഹചര്യത്തിൽ പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ